**BEFORE THE HON'BLE COURT OF ENQUIRY COMMISSIONER & SPECIAL JUDGE, THIRUVANANTHAPURAM**

# FIRST INFORMATION REPORT
## പ്രഥമവിവര റിപ്പോർട്ട്
(Under Section 154 Cr.PC
(നിയമം 154-ാം വകുപ്പ്പ്രകാരം )

1. District (ജില്ല) : Kollam    P.S.(പോലീസ് സ്റ്റേഷൻ) : VACB, KOLLAM

   FIR No.(പ്രഥമ വിവര നമ്പർ): 03/2017/എസ്.ആർ. റ്റി    Year(വർഷം) : 2017

   Date and time of FIR(പ്രഥമ വിവര റിപ്പോർട്ട് തീയതിയും സമയവും). 03/08/2017 at 17 00 hrs

2.

| S.No. (ക്രമ നമ്പർ) | Acts (നിയമം) | Sections (വകുപ്പുകൾ) |
|---|---|---|
| 1 | PC Act 1988 | 13 (2) r/w 13 (1) (d) |
| 2 | IPC | 420, 468, 471, 120 (B) and 34 |

3.(a) Occurrence of offence (കുറ്റകൃത്യം സംഭവിച്ച):

   Day (ദിവസം ) :    Time Period (സമയം ) :

   Date From (തീയതി മുതൽ ) : from 2010    Date To (തീയതി വരെ) : to 2011

   Time From (സമയം മുതൽ) :    Time To (സമയം വരെ) :

   (b) Information received at P.S. (പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ച) :

   Date (തീയതി ) : 03/08/2017    Time (സമയം) :

   (c) General Diary Reference (ജനറൽ ഡയറി സൂചനാവിവരം) :

   Entry No. (നമ്പർ): 12    Time (സമയം ) : 17.00 hrs

4. Type of Information (ലഭിച്ച വിവരത്തിൻെറ സ്വഭാവം) : **written complaint**

5. Place of Occurrence (കൃത്യസ്ഥലം) : Kollam Corporation Zonal Office, Eravipuram

   (a) Direction & Distance from P.S (പോലിസ്സ്റ്റേഷനിൽ നിന്നുള്ള ദിശയും അകലവും)
   : Towards South approximate 6 Km

   Beat No (ബീറ്റ്നംപർ) :

   (b) Address (മേൽ വിലാസം) : Kollam Corporation Zonal Office, Eravipuram

) In case outside limit of this Police station, then (പോലിസ് സ്റ്റേഷൻെറ അധികാരാപരിധിക്ക് വെളിയിലാണെങ്കിൽ) :

Name of Police Station( പോലിസ് സ്റ്റേഷൻെറ പേര്) :

District (ജില്ല/സംസ്ഥാനം) :

6. Complainant /Informant (പരാതിക്കാരൻ/വിവരം നൽകിയ ആൾ)

(a) Name (പേര്) : Suhara Beevi and 25 others

(b) **Father's**/Mother's/Husband's Name (പിതാവിൻെറ/ മാതാവിന്റെ/ ഭർത്താവിൻെറ പേര്) : Muhammad Sultan

(c) Date/year of Birth (ജനന തീയതി/വർഷം) :

(d) Nationality (പൗരത്വം) : ഇന്ത്യൻ

(e) UID No. (ആധാർ നമ്പർ) :

(f) Passport No(പാസ്പോർട്ട് നമ്പർ) :

Date of issue(നൽകിയ തീയതി )

Place of issue (നൽകിയ സ്ഥലം) :

(g) Id details (Ration Card, Voter ID Card, UID No. Driving License, PAN) (തിരിച്ചറിയൽ രേഖകളുടെ വിശദാംശങ്ങൾ (റേഷൻ കാർഡ്, വോട്ടർ ഐഡി കാർഡ്, ആധാർ നമ്പർ, ഡ്രൈവിങ്ങ് ലൈസൻസ്, പാൻ)

| S.No. (ക്രമ നമ്പർ) | Id Type (തിരിച്ചറിയൽ രേഖ ) | Id Number ( തിരിച്ചറിയൽ രേഖ നമ്പർ) |
|---|---|---|
| | | |

(h) Occupation (തൊഴിൽ) : House wife

(i) Address (മേൽവിലാസം) : House No. 206, National Nagar, Vayalil thoppe, Polyathode, Kollam

| S.No. (ക്രമ നമ്പർ) | Address Type (മേൽവിലാസത്തിന്റെ തരം) | Address ( മേൽവിലാസം) |
|---|---|---|
| | Present Address (നിലവിലെ മേൽവിലാസം) | |
| | Permanent Address (സ്ഥിരമായ മേൽവിലാസം) | |

(j) Phone number(ഫോൺ നമ്പർ) : Nil

Mobile (മൊബൈൽ ഫോൺ നമ്പർ) : Nil

7. Details of known/suspected/unknown accused with full particulars(അറിയാവുന്ന/കണ്ടാലറിയാവുന്ന/സംശയിക്കാവുന്ന/അറിയാത്ത കുറ്റവാളികളെ സംബന്ധിച്ച വിശദ വിവരങ്ങൾ)

| S.No. (ക്രമ നമ്പർ) | Name (പേര്) | Alias (അപര നാമം) | Relative's Name (ബന്ധുവിന്റെ പേര്) | Address (മേൽവിലാസം) |
|---|---|---|---|---|
| 1 | Sudevan | | Lekshmanan | Kinattuvila veedu, Puthankulan Desom, Poothakkulam village, Kollam. (former oversear/Building Inspector, Kollam Corporation Zonal office, Ervaipuram) |
| 2 | E.M. Haneefa | | Ibrahimkutty | House No. 213, National nagar, Vayalil thoppe, Vadakkevila |
| 3 | Shabjan | | Sulaimankunju | Karikkuzhy veedu, Near Valiyavila temple, Mayanadu |
| 4 | Ajayakumar | | K.Purushothaman | Triveni, Koonayil, Paravoor (former oversear/Building Inspector, Kollam Corporation Zonal office, Ervaipuram) |
| 5 | Shine | | Damodharan | Avittom veedu, Valyakode, Ezhukone village, Kottarakkara (Former AE, Kollam Corporation Zonal office, Ervaipuram) |
| 6 | Nandakumar. S.G | | Gopinathanpillai | Venoor veedu, Naduvilakkara PO, Umayanallur, Kollam (Former Spl. Village Officer, Eravipuram) |
| 7 | V. Subash | | Vasudevan | Brahminazhikathu veedu, Vridavan nagar-63, Kadappakkada, Kollam East (Document writer) |

8. Reasons for delay in reporting by the complainant/informant(പരാതിക്കാരനോ വിവരം നൽകുന്ന ആളോ പോലീസ് സ്റ്റേഷനിൽ അറിയിക്കുവാൻ കാലതാമസം വരുത്തിയതിനുള്ള കാരണം)

9. Particulars of properties of interest (മോഷ്ടിക്കപ്പെട്ട/കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സ്വത്തുക്കളുടെവിവരം)

| S.No. (ക്രമ നമ്പർ) | Property Type (സ്വത്ത് തരം) | Sub Type (സ്വത്ത് ഉപതരം) | Description (വിശദാംശങ്ങൾ) | Value (in Rs.) (മൂല്യം(രൂപയിൽ)) |
|---|---|---|---|---|

10. Total value of property stolen(in Rs)
(മോഷ്ടിക്കപ്പെട്ട/കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സ്വത്തുക്കളുടെ മൂല്യം)

11. Inquest Report/U.D Case No. if any (പ്രേത വിചാരണറിപ്പോർട്ട്/അസ്വാഭാവിക മരണം കേസ് നമ്പർ ഉണ്ടെങ്കിൽ)

| S.No. (ക്രമ നമ്പർ) | Registration Type (രജിസ്ട്രേഷൻ തരം) | Registration Number ( രജിസ്ട്രേഷൻ നമ്പർ) |
|---|---|---|

District (ജില്ല) Kollam
P.S.(പോലീസ് സ്റ്റേഷൻ): VACB, Kollam
FIR No.(പ്രഥമ വിവര നമ്പർ): VC-03/17/KL
I.I.F.-1.(ഐ.ഐ.എഫ്-1)

12. First Information contents (എഫ്.ഐ.ആർ ഉള്ളടക്കം)

കൊല്ലം നഗരസഭയിലെ 2010-2011 വർഷത്തെ ഇ. എം. എസ്സ്. ഭവന പദ്ധതി പ്രകാരം ഭൂരഹിതരും, ഭവനരഹിതരുമായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആൾക്കാർക്ക് ഭൂരഹിത ഭവന പദ്ധതിയിൽപ്പെടുത്തി സ്ഥലം വാങ്ങി വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ അദ്യഘട്ടമായ വസ്തു വാങ്ങുന്നതിലേക്ക് ഇരവിപുരം സോണൽ ഓഫീസിലെ ഓവർസീയർ/ബിൽഡിംഗ് ഇൻസ്പെക്ടർമാർ ആയിരുന്ന സുദേവൻ (A-1), അജയകുമാർ (A-4) എന്നിവർ വസ്തു ഉടമയായ ഷാബ്ജാൻ (A-3), ഇടനിലക്കാരനായ ഹനീഫ (A-2) എന്നിവരുമായി കുറ്റകരമായ ഗൂഢാലോചന നടത്തി ഇരവിപുരം വില്ലേജ് ഓഫീസിലെ സ്പെഷ്യൽ വില്ലേജ് ഓഫീസർ നന്ദകുമാർ എസ്സ്. ജി. (A-6) എന്നയാൾ മുഖേനെ വ്യാജമായി കൈവശാവകാശ സർട്ടിഫിക്കേറ്റ് ചമയ്ക്കുകയും, ആയത് ഉപയോഗിച്ച് വി. സുഭാഷ് (A-7) മുന്നാധാരമോ, മറ്റ് വസ്തു സംബന്ധമായ രേഖകളോ പരിശോധിക്കാതെ കളവായ കൈവശാവകാശ സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്ത് വസ്തു ഉടമയായ ഷാബ്ജാന് (A-3), വസ്തു വിറ്റ വകയിൽ 16 ലക്ഷം രൂപയുടെ അന്യായമായ ലാഭവും, പദ്ധതിയുടെ രണ്ടാം ഘട്ടമായി ടി വസ്തുവിൽ കെട്ടിടം നിർമ്മിക്കുന്നതിലേക്ക് ആദ്യഗഡുവായി 8,10,000/- രൂപായും (22,500 X 20 പേർക്ക് = 4,50,000/- രൂപായും, 60,000 X 6 പേർക്ക് = 3,60,000/- രൂപ) ചേർത്ത് നൽകിയത് ഉൾപ്പടെ മൊത്തം 24,10,000/- ( രൂപ ഇരുപത്തി നാല് ലക്ഷത്തി പതിനായിരം മാത്രം) രൂപ സർക്കാരിന് അന്യായമായ നഷ്ടവും വരുത്തി സർക്കാർ പദ്ധതി വിജയകരമായി നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചും, സാമ്പത്തികവും, സാമൂഹ്യവും, വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന പരാതിക്കാരെ വിശ്വാസവഞ്ചന നടത്തി ചതിച്ചും ഇരവിപുരം സോണൽ ഓഫീസിലെ AE യായ ഷൈൻ (A-5) യഥാർത്ഥ രേഖകൾ മനപൂർവ്വം പരിശോധിക്കാതെയും കേരളാ മുൻസിപ്പൽ ബിൽഡിംഗ് നിർമ്മാണചട്ടത്തിൽ പ്രദിപാദിച്ചിട്ടുള്ള Rules 7 (9) and Rule 11 പ്രകാരം സ്ഥലപരിശോധന നടത്താതെ തന്റെ അധികാര ദുർവിനിയോഗം നടത്തി One Day Building Permit നൽകിയതായും, അതുവഴി സർക്കാരിന് 24,10,000/- രൂപായുടെ നഷ്ടം സംഭവിപ്പിച്ചിട്ടുള്ളതുമാണ്. A-1 മുതൽ A-7 വരെയുള്ള പ്രതികൾ Section 13(2) r/w 13(1)(d) of PC Act and Sec. 420, 468, 471, 120 (b), 34 IPC പ്രകാരമുള്ള കുറ്റകൃത്യം ചെയ്തിരിക്കുന്നു എന്നുള്ളത്.

13. Action taken : since the above information reveals commission of offence(s) U/s as mentioned at item No.2 (സ്വീകരിച്ച നടപടി : മേൽ വിവരിച്ച റിപ്പോർട്ട് പ്രകാരം രണ്ടാം ഇനത്തിൽ കാണിച്ചിരിക്കും പ്രകാരമുള്ള വകുപ്പുകൾ അനുസരിച്ചുള്ള കുറ്റകൃത്യം നടന്നതിനാൽ)

FIR read over to the complainant/Informant, admitted to be correctly recorded and a copy given to the complainant/informant free of cost.(പ്രഥമ വിവര റിപ്പോർട്ട് പരാതിക്കാരനെ/വിവരം നൽകിയ ആളെ വായിച്ചു കേൾപ്പിച്ചു. ശരിയായ വിവരമാണ് രേഖപ്പെടുത്തിയതെന്ന് സമ്മതിച്ചു. റിപ്പോർട്ടിന്റെ ഒരു പകർപ്പ് പരാതിക്കാരന്/വിവരം നൽകിയ ആളിന് സൗജന്യമായി നൽകി,) R.O.A.C(ആർ.ഒ.എ.സി)

V.R.Ravikumar, Inspector of Police for investigation

14. Signature/Thump impression of the Complainant/Informant
(പരാതിക്കാരന്റെ/വിവരം നൽകിയ ആളിന്റെ ഒപ്പ്/ വിരലടയാളം)

Signature of the Officer-in-charge, Police Station.
(പോലീസ് സ്റ്റേഷന്റെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്)

Name (പേര്): Asoka Kumar.K
Rank (പദവി) : Dy. Superintendent of Police
VACB, Kollam Unit

15. Date and time of despatch to the Court
(കോടതിയിലേയ്ക്ക് അയച്ച തീയതിയും, സമയവും) : 03.08.2017 at 17.45 hours

Attachment to item 7 of First Information Report (പ്രഥമ വിവര റിപ്പോർട്ടിന്റെ 7-ാം ഇനത്തിന്റെ അനുബന്ധം) :

ഈ സംഗതിക്ക് ഇ. എം. എസ്സ്. ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് കരഭൂമിയ്ക്ക് പകരം വയൽ നികത്തിയ ഭൂമി നൽകിയെന്നും മറ്റും ശ്രീമതി സുഹറാ ബീവിയും മറ്റ് 24 പേരും ചേർന്ന് ബഹു കേരളാ ആഭ്യന്തര മന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയിന്മേൽ സി.ബി.സി.ഐ.ഡി (ഇ.ഒ.ഡബ്ല്യു) പോലീസ് സൂപ്രണ്ട് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ ബഹു. അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) ടി ഇടപാടിൽ കൊല്ലം കോർപ്പറേഷൻ അധികാരികൾക്കും ഈ കൃത്യത്തിൽ പങ്കുള്ളതായി വെളിവായിട്ടുണ്ടെന്നും, ഇക്കാര്യത്തിന് നിയമപരമായി നടപടി സ്വീകരിക്കുന്നതിന് വിജിലൻസിന് പരാതിയും, റിപ്പോർട്ടും അയച്ചുകൊടുക്കണമെന്നും മറ്റും കാണിച്ച് ബഹു. സ്റ്റേറ്റ് പോലീസ് ചീഫിന് റിപ്പോർട്ട് സമർപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പോലീസ് ചീഫ് ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് ഈ വിഷയത്തിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, Govt. Letter No. 6361/D1/2015/vig. dtd 22.08.15പ്രകാരം വിജിലൻസ് അന്വേഷിക്കുന്നതിലേക്ക് ഗവൺമെന്റ് ഉത്തരവ് ആകുകയും, ഈ കാര്യങ്ങൾ അന്വേഷണം നടത്തുന്നതിലേക്ക് ബഹു. വിജിലൻസ് ഡയറക്ടർ No.E2(VE-05/15/KLM) 31721/2015 dtd 06/10/15 പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആയതിനെപ്പറ്റി അന്വേഷിച്ചതിൽ കൊല്ലം നഗരസഭയിലെ 2010-2011 വർഷത്തെ ഇ. എം. എസ്സ്. ഭവന പദ്ധതി പ്രകാരം ഭൂരഹിതരും, ഭവനരഹിതരുമായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആൾക്കാർക്ക് ഭൂരഹിത ഭവന പദ്ധതിയിൽപ്പെടുത്തി സ്ഥലം വാങ്ങി വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി അദ്യഘട്ടമായ വസ്തു വാങ്ങുന്നതിലേക്ക് ഇരവിപുരം സോണൽ ഓഫീസിലെ ഓവർസീയർ/ബിൽഡിംഗ് ഇൻസ്പെക്ടർമാർ ആയിരുന്ന സുദേവൻ (A-1), അജയകുമാർ (A-4) എന്നിവർ വസ്തു ഉടമയായ ഷാബ്ജാൻ (A-3), ഇടനിലക്കാരനായ ഹനീഫ (A-2) എന്നിവരുമായി കുറ്റകരമായ ഗൂഢാലോചന നടത്തി ഇരവിപുരം വില്ലേജ് ഓഫീസിലെ സ്പെഷ്യൽ വില്ലേജ് ഓഫീസർ നന്ദകുമാർ എസ്സ്. ജി. (A-6) എന്നയാൾ മുഖേനെ വ്യാജമായി കൈവശാവകാശ സർട്ടിഫിക്കേറ്റ് ചമയ്ക്കുകയും, ആയത് ഉപയോഗിച്ച് ആധാരം എഴുത്തു കാരനായ വി. സുഭാഷ് (A-7) മുന്നാധാരമോ, മറ്റ് വസ്തു സംബന്ധമായ രേഖകളോ പരിശോധിക്കാതെ കളവായ കൈവശാവകാശ സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്ത് വസ്തു ഉടമയായ ഷാബ്ജാന് (A-3) വസ്തു വിറ്റ വകയിൽ 16 ലക്ഷം രൂപയുടെ, അന്യായമായ ലാഭവും, രണ്ടാം ഘട്ടമായി ടി വസ്തുവിൽ കെട്ടിടം നിർമ്മിക്കുന്നതിലേക്ക് ആദ്യഗഡുവായി 8,10,000/- രൂപായും (22,500 X 20 പേർക്ക് = 4,50,000/- രൂപായും, 60,000 X 6 പേർക്ക് = 3,60,000/- രൂപ) ചേർത്ത് നൽകിയത് ഉൾപ്പടെ മൊത്തം 24,10,000/- ( രൂപ ഇരുപത്തി നാല് ലക്ഷത്തി പതിനായിരം മാത്രം) രൂപ അതുവഴി സർക്കാരിന് അന്യായമായ നഷ്ടവും വരുത്തി സർക്കാർ പദ്ധതി വിജയകരമായി നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചും, സാമ്പത്തികവും, സാമൂഹ്യവും, വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന പരാതിക്കാരെ (ഗുണഭോക്താക്കളെ) വിശ്വാസവഞ്ചന നടത്തി ചതിച്ചും ഇരവിപുരം സോണൽ ഓഫീസിലെ AE യായ ഷൈൻ (A-5) യഥാർത്ഥ രേഖകൾ മനപൂർവ്വം പരിശോധിക്കാതെയും കേരളാ മുൻസിപ്പൽ ബിൽഡിംഗ് നിർമ്മാണചട്ടത്തിൽ പ്രദിപാദിച്ചിട്ടുള്ള Rules 7 (9) and Rule 11 പ്രകാരം മനപൂർവ്വം സ്ഥലപരിശോധന നടത്താതെ തന്റെ അധികാര ദുർവിനിയോഗം നടത്തി One Day Building Permit നൽകിയതായും വെളിവായിട്ടുള്ളതാകുന്നു.

A-1 മുതൽ A-4 വരെയുള്ളവർ കുറ്റകരമായ ഗൂഢാലോചന നടത്തിയിട്ടുള്ളതായും A-5 നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി ബിൽഡിംഗ് ഇൻസ്പെക്ടർ/ഓവർസിയർ എഴുതികൊടുത്ത റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിൽ കെട്ടിടം നിർമ്മിക്കുവാനുള്ള സ്ഥലം നിലമാണോ, പുരയിടമാണോ യെന്ന് യഥാർത്ഥ രേഖകൾ പരിശോധിച്ച് തിട്ടപ്പെടുത്താതെ തന്റെ അധികാരം ദുർവിനിയോഗം ചെയ്ത് ഗവൺമെന്റ് ഫണ്ട് നഷ്ടപ്പെടുത്തിയതായും, A-6 വ്യാജമായി കൈവശാവകാശ രേഖ ചമച്ചതായും, വി. സുഭാഷ് (A-7) അസ്സൽ രേഖകളോ, മുന്നാധാരമോ പരിശോധിക്കാതെ കളവായി തയ്യാറാക്കിയ ഒരു കൈവ ശാവകാശ രേഖയുടെ മാത്രം അടിസ്ഥാനത്തിൽ കളവായി ഭൂമിയുടെ തരം രേഖപ്പെടുത്തി ആധാരം തയ്യാ റാക്കി രജിസ്റ്റർ ചെയ്യുന്നതിന് സാഹചര്യം ഉണ്ടാക്കിയതായി അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ്. A-1 മുതൽ A-7 വരെയുള്ളവർ സർക്കാരിനെ വഞ്ചിച്ച് പണം തട്ടിയെടുക്കുന്നതിലേക്ക് വ്യാജരേഖകൾ നിർമ്മിച്ചതായും, ആയത് നിജമാണെന്ന വ്യാജേന ഉദ്യോഗസ്ഥരെ പറ്റിച്ച് ഉപയോഗിച്ചതായും, അധികാര ദുർവിനിയോഗം നടത്തിയതായും, ഗൂഢാലോചന നടത്തിയതായും, വസ്തു ഉടമയുടെ (A-3) പേരിൽ ഉള്ള മറ്റൊരു പുരയിടം ഗുണഭോക്താക്കളെ തെറ്റായി കാണിച്ച് കബളിപ്പിച്ച് നിലമായ ഭൂമി പുരയിടം എന്ന് തെറ്റായി രേഖപ്പെടുത്തി ആധാരം രജിസ്റ്റർ ചെയ്ത് ഗുണഭോക്താക്കളെ/പരാതിക്കാരെ കബളിപ്പിച്ചും, ഒത്തൊരുമിച്ചും, കൂട്ടായും പ്രവർത്തിച്ചതായും വെളിവായിട്ടുള്ളതാണ്. ആകയാൽ A-1 മുതൽ A-7 വരെയു ള്ളവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുന്നതിന് ബഹു. വിജിലൻസ് ഡയറക്ടറുടെ E26 B (VE/05/2015/Kollam) 31721/155 dated 27/07/2017 എന്ന ഉത്തരവു പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്ന തിന് അനുമതി ലഭിക്കുകയാൽ VC-03/17/Kollam U/sec. Section 13(2) r/w 13(1)(d) of PC Act and Sec. 420, 468, 471, 120 (b), 34 IPC പ്രകാരം ടി പ്രതികൾക്കെതിരെ ഈ കേസ് രജിസ്റ്റർ ചെയ്യുന്നു.

Name (പേര്): Asoka Kumar.K
Rank (പദവി) : Dy. Superintendent of Police
VACB, Kollam Unit.

Received the FIR 3/2017/SRT
on 4/8/2017 at 10.35 am.
Nisha Sasidharan
Manager

Office of the Enquiry Commissioner and Special Judge, Thiruvananthapuram